ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഈ പദ്ധതി പ്രകാരം 43437 പേർക്ക് പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി 14 ജില്ലകളിലും പട്ടയ മേളകൾ നടത്തിയിട്ടുണ്ട്. കണ്ണൂർ, കാസഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുകൊണ്ട് മേല്പറഞ്ഞ 3 ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

196 (1277) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെയായി എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രപേർക്ക് ഭൂമി നൽകാനായി എന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പട്ടയവിതരണം ചെയ്തവർക്ക് പോലും ഭൂമി കണ്ടെത്തി നൽകിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി അതാതിടങ്ങളിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) തോട്ടം ഉടമകൾ നിയമവിരുദ്ധമായി കൈയടക്കി വച്ചിട്ടുള്ള ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; ഭൂമി വിലയ്ക്കു വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിവിധ ഘട്ടങ്ങളായി നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായി കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തി. 2,43,928 കുടുംബങ്ങൾ അർഹരായ ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഗുണഭോക്താക്കളിൽ നാളിതുവരെ 43,437 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചുകഴിഞ്ഞു.

(സി) പദ്ധതിയുടെ ഉദ്ഘാടന ഘടത്തിൽ വിതരണം ചെയ്ത പട്ടയങ്ങളിൽ കോടതി കേസുകൾ മുഖേനയോ മറ്റ് തർക്കങ്ങൾ മുഖേനയോ ചില ജില്ലകളിൽ ഭൂമി കൈമാറുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഉണ്ടായവ ഒഴിച്ചുള്ള കേസുകളിൽ ഭൂമി കൈമാറിയിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽ തന്നെയുള്ള ഭൂമിയാണ് പദ്ധതി പ്രകാരം ഇതുവരെ അനുവദിച്ചത്.

(ഇ) നിയമവിരുദ്ധമായി കയ്യടക്കി വച്ചിട്ടുള്ള സർക്കാർ ഭൂമികൾ ശ്രദ്ധയിൽ പെടുന്നമുറയ്ക്ക് തിരിച്ചുപിടിക്കാനും പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി നാളിതുവരെ 7,81,40,091 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി വിലയ്ക്കു വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടില്ല.

ഭൂരഹിതർക്ക് ഭൂമി നൽകുവാനുള്ള നടപടികൾ

197 (1279) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ ഭൂമിയാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 ആഗസ്റ്റ് 15 വരെയുള്ള ഭൂമിയില്ലാത്തവരുടെയും ഭൂമിക്ക് അർഹതയുള്ളവരുടെയും കണക്ക് വില്ലേജ് ആഫീസുകൾ വഴി ശേഖരിച്ചതു പ്രകാരം ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly